# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം15/1453/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം15/1453/2021 തീയ്യതി: 08/10/2021

## മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 18-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ യൂസഫ് പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബീരാൻകുട്ടി | സെക്രട്ടറി | 01-04-2019 | 29-06-2019 |
| ശ്രീമതി ഷൈലജ | സെക്രട്ടറി | 15-07-2019 | 31-03-2020 |
| ശ്രീമതി റംല പി.കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷാമിലി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-06-2019 | 14-07-2019 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാമിലി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഐസക് ജോർജ്ജ് | വെറ്റിനറി സർജൻ | 01-04-2019 | 03-02-2020 |
| ഡോ.രമ്യ രവീന്ദ്രൻ | വെറ്റിനറി സർജൻ | 04-02-2020 | 25-02-2020 |
| ഡോ.ആനന്ദ് കൃഷ്ണൻ | വെറ്റിനറി സർജൻ | 26-02-2020 | 13-03-2020 |
| ഡോ. ഗ്രീഷ്മ ഗിരിജൻ | വെറ്റിനറി സർജൻ | 14-03-2020 | 22-03-2020 |
| ഡോ.ആനന്ദ് കൃഷ്ണൻ | വെറ്റിനറി സർജൻ | 23-03-2020 | 31-03-2020 |
| ഡോ. അമർനാഥ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. സുസ്മിജ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീ പ്രശാന്ത് കരിമ്പിൽ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി അമ്മുണ്ണി പി | ഐ,സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗായത്രി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 18-09-2019 |
| ശ്രീ മഹേഷ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ സുരേഷ് ബാബു ടി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ അബൂബക്കർ എൻ.സി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Yousuf.P (Asst. Audit Officer, On 08-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന<br>Written By: Yousuf.P (Asst. Audit Officer, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-4-1 |
| 6 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Suresh.P (Audit Officer, On 09-09-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Yousuf.P (Asst. Audit Officer, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 11-09-2021) | 1-12 |
| 14 | ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്കും അപേക്ഷ മാതൃകയും പൂർണ്ണമായും പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-13 |
| 15 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെയും കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കിയും പാർപ്പിട തരം കെട്ടിടത്തിൽ ആശുപത്രി നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Mohammed Noushad A K (Auditor, On 14-09-2021) | 1-14 |

| | | |
|---|---|---|
| 16 | വസ്തു നികുതി-സഞ്ചയയിൽ തെറ്റായ വിവരം നൽകി വസ്തു നികുതി കുറവായി ഈടാക്കി-മറ്റ് അപാകതകൾ<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-15 |
| 17 | എസ്.എസ്.എ വിഹിതം അടവാക്കൽ-കൈപ്പറ്റ് ഹാജരാക്കിയില്ല<br>Written By: Mohammed Noushad A K (Auditor, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-16 |
| 18 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 1-17 |
| 19 | പി.ഡബ്ല്യൂ.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-18 |
| 20 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-19 |
| 21 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-20 |
| 22 | എയ്ഡഡ് സ്കൂളിലെ ടോയ്ലെറ്റ് നിർമാണം - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 11-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-21 |
| 23 | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Yousuf.P (Asst. Audit Officer, On 14-09-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 29-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Suresh.P (Audit Officer, On 06-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Suresh.P (Audit Officer, On 11-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 08-10-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Suresh.P (Audit Officer, On 01-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Suresh.P (Audit Officer, On 28-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |

| | | |
|---|---|---|
| | വിശദാംശം.<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 04-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Unni.P (Deputy Director, On 29-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Suresh.P (Audit Officer, On 27-08-2021)<br>Last Updated By: Suresh.P (Audit Officer, On 06-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No.1(1)/15.02.2019 | PR No.1(1)/17.03.2020 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 10-05-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20680588 |
| വരവ് | 60170892 |
| ആകെ | 80851480 |
| ചെലവ് | 61408493 |
| നീക്കിയിരിപ്പ് | 19442987 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 12247996- - | 12247996 | 12247996 | 11354292 | 893704 |
| വികസനഫണ്ട് (എസ്.സി.പി) | -- | 6687471 | 6687471 | 5397279 | 1290192 |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | -- |
| സംരക്ഷണഗ്രാന്റ് (റോഡ്) | -- | 6337000 | 6337000 | 2226754 | 4110246 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | -- | 3993000 | 3993000 | 2062435 | 1930565 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 10168507 | 10168507 | 4336351 | 5832156 |
| ബി ഫണ്ട് | | 20068560 | 20068560 | 20068560 | |
| സാക്ഷരത | 39408 | 1367 | 40775 | 0 | 40775 |
| ടി.എസ്.സി | 120678 | 75823 | 196501 | 0 | 196501 |
| ശുചിത്വ മിഷൻ | 2053754 | 0 | 2053754 | 1112629 | 941125 |
| ഐ.സി.ഡി.എസ്. , അംഗനവാടി പോഷകാഹാരം | 320891 | 1789363 | 2110254 | 2000000 | 110254 |
| പൈക്ക | 510000 | 0 | 510000 | 0 | 510000 |
| ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് | 1436500 | 4400000 | 5836500 | 4400000 | 1436500 |
| ജോയിന്റ് വെഞ്ച്വർ ജില്ലാ പഞ്ചായത്ത് | 0 | 1950000 | 1950000 | 1950000 | 0 |
| | -- | -- | -- | -- | -- |

| പെർഫോമൻസ് ഗ്രാന്റ് | | | | | |
|---|---|---|---|---|---|

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 2019-20 ഗ്രാന്റ് സ്റ്റേറ്റ്മെന്റും ചെലവ് സ്റ്റേറ്റ്മെന്റും തമ്മിൽ പ്രൊജക്ടുകളുടെ വകയിരുത്തിയ തുക, നീക്കിയിരിപ്പ്/ലാപ്സായ തുക എന്നിവയിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

A)വികസന ഫണ്ട് -പൊതു വിഭാഗം

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 12 | 12 | 5227893 | 3548403 | 3316185 | 3316185 | 1911708 | 232218 |
| സേവനം | 20 | 20 | 40062806 | 10400810 | 9091821 | 9091821 | 30970985 | 1308989 |
| പശ്ചാത്തലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 32 | 32 | 45290699 | 13949213 | 12408006 | 12408006 | 32882693 | 1541207 |

എ.സി.ആർ. പ്രകാരം ആകെ ചെലവ് 11354292 രൂപയാണ്, മാത്രമല്ല ഗ്രാന്റ് സറ്റേറ്റ്മെന്റ് പ്രകാരം വരവിലും അധികം ചെലവ് വന്നിട്ടുണ്ട്. സോഴ്സ് ഡിഡക്ഷൻ തുകകൾ വരവിൽ വരാത്തതാണ് അപാകതക്ക് കാരണം.

B).വികസന ഫണ്ട് (എസ്.സി.പി)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 01 | 01 | 3338 | 3338 | 3338 | 3338 | 0 | 0 |
| സേവനം | 12 | 12 | 27302000 | 6111000 | 4814529 | 4814529 | 22487471 | 1296471 |
| പശ്ചാത്തലം | 02 | 02 | 700000 | 700000 | 652941 | 652941 | 47059 | 47059 |
| ആകെ | 15 | 15 | 28005338 | 6814338 | 5470808 | 5470808 | 22534530 | 1343530 |

C).വികസന ഫണ്ട് (സി.എഫ്.സി അൺടൈഡ്)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 01 | 01 | 240000 | 240000 | 0 | 0 | 240000 | 240000 |
| സേവനം | 18 | 18 | 6326437 | 5462297 | 2427413 | 2427413 | 3899024 | 3034884 |
| പശ്ചാത്തലം | 23 | 23 | 6141009 | 6141009 | 1908938 | 1908938 | 4232071 | 4232071 |
| ആകെ | 42 | 42 | 12707446 | 11843306 | 4336351 | 4336351 | 8371095 | 7506955 |

D). മെയിന്റനൻസ് ഫണ്ട് (നോൺ -റോഡ്)

| മേഖല | ആകെ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ്/ |
|---|---|---|---|---|

| | പ്രൊജക്ടുകളുടെ എണ്ണം | | | | | | ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 01 | 01 | 75000 | 75000 | 75000 | 75000 | 0 | 0 |
| സേവനം | 11 | 11 | 5448902 | 4644547 | 1987435 | 1987435 | 3461467 | 2657112 |
| പശ്ചാത്തലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 12 | 12 | 5523902 | 4719547 | 2062435 | 2062435 | 3461467 | 2657112 |

E). മെയിന്റനൻസ് ഫണ്ട് (റോഡ്)

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| പശ്ചാത്തലം | 27 | 27 | 7590612 | 7590612 | 2226754 | 2226754 | 5363858 | 5363858 |
| ആകെ | 27 | 27 | 7590612 | 7590612 | 2226754 | 2226754 | 5363858 | 5363858 |

F). സി.എസ്.എസ്

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| സേവനം | 05 | 05 | 17001000 | 2797000 | 2192000 | 2192000 | 14809000 | 605000 |
| ആകെ | 05 | 05 | 17001000 | 2797000 | 2192000 | 2192000 | 14809000 | 605000 |

ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം യാതൊരു വരവും ഇല്ല. മുൻ ബാക്കിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക യഥാസമയം മൈനസ് ഫിഗറായി ബാലൻസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

G). എസ്.എസ്.എസ്

| മേഖല | ആകെ പ്രൊജക്ടുകളുടെ എണ്ണം | | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | | നീക്കിയിരിപ്പ്/ ലാപ്സായ തുക | |
|---|---|---|---|---|---|---|---|---|
| | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഉത്പാദനം | 01 | 01 | 200000 | 200000 | 0 | 0 | 200000 | 200000 |
| സേവനം | 03 | 03 | 1130000 | 1130000 | 896769 | 896769 | 233231 | 233231 |
| ആകെ | 04 | 04 | 1330000 | 1130000 | 896769 | 896769 | 433231 | 433231 |

വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

II. പദ്ധതിപ്പണം മുഴുവൻ ചെലവഴിച്ചില്ല. തുക ലാപ്സായി

2019-20 ലെ പദ്ധതികൾക്കായി തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ലഭ്യമായ തുക (ACR പ്രകാരം) | ചെലവ് (ACR പ്രകാരം) | ലാപ്സായ തുക |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 12247996 | 11354292 | 893704 |
| 2 | പ്ലാൻ ഫണ്ട് SCP | 6687471 | 5397279 | 1290192 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 10168507 | 4336351 | 5832156 |
| 4 | മെയിന്റനൻസ് ഗ്രാന്റ് R | 6337000 | 2226754 | 4110246 |
| 5 | മെയിന്റനൻസ് ഗ്രാന്റ് NR | 3993000 | 2062435 | 1930565 |
| | ആകെ | 39433974 | 25377111 | 14056863 |

ആകെ 64.35% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.ലഭ്യമായ ഗ്രാന്റുകൾ അതാത് വർഷം തന്നെ ചെലവഴിക്കുന്നില്ലെങ്കിൽ അത് നഷ്ടപ്പെടുന്ന രീതിയാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടിയിരുന്ന 1,40,56,863 രൂപയാണ് 2019-20 ൽ നഷ്ടമായത്.സമയക്രമം പാലിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 76547471 | 96 | 45194883 | 0 | 59 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 18021 | 908849 | 926870 | 926870 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 9999467 | 9999467 | 9999467 | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. സാക്ഷ്യപ്പെടുത്തി നൽകിയ പത്രിക പ്രകാരമുള്ള വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-11ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39360 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 1215000 | 201 |
| വിധവാ പെൻഷൻ | 6306000 | 1099 |
| വാർദ്ധക്യകാല പെൻഷൻ | 9502800 | 1711 |
| വികലാംഗ പെൻഷൻ | 2754600 | 42 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50 വയസിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 100800 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2021 ന് 10.30 AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ മുൻ പ്രവൃത്തി ദിവസത്തെ (18.08.21) ക്യാഷ് കളക്ഷനായി ഉണ്ടായിരുന്ന 14,253/- രൂപയുടെ ആധികാരികത 18.08.21-ലെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31-10-2017ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാനപ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചത് പ്രകാരമുള്ള ലൈസൻസ് ഫീസ് പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ലാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നുണ്ട്.

3. പദ്ധതി രൂപീകരണ പ്രക്രിയയിൽ വിവിധ വർക്കിങ് ഗ്രൂപ്പുകൾ മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടക്കുന്നില്ല. വിവിധ പ്രവൃത്തികളുടെ പേരുകൾ മിനുട്സിൽ എഴുതിയിട്ടുണ്ട്. യോഗ മിനുട്സ് വ്യക്തമായി എഴുതുകയോ കൺവീനർ ആയത് ശരിയായി ക്ലോസ് ചെയ്യുകയോ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2021 | ജനവരി 2021 | 15.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-03-2018 മുതൽ 21-03-2018 വരെ | 2012-13 മുതൽ 2016-17 വരെ | 02-07-2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | | AFS പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5248936 | 5248208 |
| | കുടിശ്ശിക | 0 ( As Per 2018-19 B-15 Scheule) | 25008 |
| | ആകെ | 5248936 | 5273216 |
| കളക്ഷൻ | തൻവർഷം | 4962513 | 4991039 |
| | കുടിശ്ശിക | 24906 | 25714 |
| | Book Adjustments | - | 80836 |
| | ആകെ | 4987419 +80836(Book | 5097589 |

| | | | |
|---|---|---|---|
| | | Adjestment)= 5068255 | |
| ബാലൻസ് | തൻവർഷം | 222942 | 213846 |
| | കുടിശ്ശിക | 0 | 2382 |
| | ആകെ | 222942-LC 10873= 212069 | 216228 (ആകെ വസ്തു നികുതി കുടിശ്ശിക 211527 എന്നാണ് DCBയിൽ രേഖപ്പെടുത്തിയിരിക്കുന്നത്) |

ലൈബ്രറി സെസ്സ് ഇനത്തിലും ആയതിനാൽ വ്യത്യാസമുണ്ട്.

2. രജിസ്റ്റർ പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് 40001 രൂപയാണ്.എന്നാൽ B-14 ഷെഡ്യൂൾ പ്രകാരം ആയത് 40406 രൂപയാണ്.

3. തൊഴിലുറപ്പ് പദ്ധതി - (ഫിനാൻഷ്യൻ സ്റ്റേറ്റമെന്റ് പ്രകാരം) ഭരണച്ചെലവ് (926870),തൊഴിലാളികൾക്ക് നേരിട്ട് നൽകിയ കൂലിച്ചെലവ്(9999467), നൂറുദിന ബോണസ് (132000) എന്നിവ കൂടി ആകെ 110583374 രൂപയാണ്. എന്നാൽ I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക 11140290 രൂപയാണ്.

4. സാമൂഹ്യക്ഷേമ പെൻഷൻ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | പത്രിക പ്രകാരം | വാർഷികക്കണക്ക് |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 13482300 | 9502800 |
| കർഷക തൊഴിലാളി പെൻഷൻ | 1692600 | 1215000 |
| വിധവാ പെൻഷൻ | 7640400 | 6306000 |
| വിവാഹിതരല്ലാത്ത 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്ക് ധനസഹായം | 132000 | 100800 |
| വികലാംഗ പെൻഷൻ | 3892200 | 2754600 |

5. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം എംപ്ലോയീസ് തൊഴിൽ നികുതിയിൽ 5850 രൂപ കുടിശ്ശികയുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശികയില്ല.എന്നാൽ 2020-21ലെ റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം പ്രസ്തുത തുക കളക്ഷൻ ഉണ്ട്.

6. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

7.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 10,308/- രൂപ വരവുണ്ട്. എന്നാൽ എ.എഫ്.എസിൽ ഈ ഹെഡിൽ (RP-10 ഷെഡ്യൂൾ) 630/- രൂപ മാത്രമാണ് വരവായി കാണിച്ചിട്ടുള്ളത്.

8.ആസ്തി രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

9. മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ , ചില സ്ഥാപനങ്ങളിലെ ചില ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഒന്നാം അർദ്ധ വർഷത്തിൽ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാപനം | കുറിപ്പ് |
|---|---|---|---|
| 1 | ശ്രീ. അനിൽകുമാർ വി, ഹെഡ് മാസ്റ്റർ | ISMUPS പറച്ചിനിപ്പുറായ | ടിയാൻ 30.07.19ന് ആണ് വിരമിച്ചത് എന്നതിനാൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനായിരുന്നിട്ടും ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| 2 | ശ്രീമതി. ഗീത കെ.എ, ജെ.എച്ച്.ഐ | സി.എച്ച്.സി പെരുവള്ളൂർ | ടിയാരി 07.01.2019ന് ജോയിൻ ചെയ്ത് 01.06.2019നാണ് റിലീവ് ചെയ്തത്. 04/19, 05/19 എന്നീ മാസങ്ങളിലായി 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| 3 | ശ്രീമതി. റജിലാ ബീവി, ജെ.എച്ച്.ഐ | സി.എച്ച്.സി പെരുവള്ളൂർ | തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺ എന്നിവയിൽ അർദ്ധ വർഷ വരുമാനമോ തൊഴിൽ നികുതി അടവാക്കാതിരിക്കാനുള്ള കാരണമോ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ശ്രീമതി. സന്ധ്യ രമണൻ, ജെ.എച്ച്.ഐ | | |

മേൽ ജീവനക്കാരിൽ നിന്നും 2019-20 ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതികൾ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/26.08.2021ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 ഡി&ഒ ലൈസൻസ് - ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്കും അപേക്ഷ മാതൃകയും പൂർണ്ണമായും പ്രാബല്യത്തിൽ വരുത്തിയില്ല, ലൈസൻസ് ഫീസിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച അപേക്ഷകളിൽ മിക്കവയും പഴയ മാതൃകയിൽ തന്നെയുള്ളതും വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ളവയുമാണ്. ഇത്തരത്തിലുള്ള അപേക്ഷകർക്കും, ഭേദഗതി പ്രകാരമുള്ള അപേക്ഷ മാതൃകയിൽ അപേക്ഷിച്ചവരിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകർക്കും ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഏന്നാൽ എന്ത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്നത് വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1. ലൈസൻസ് നമ്പർ B2-1819/19/19-20-110 തിയ്യതി.04.04.2019 – പഴയ മാതൃകയിലുള്ള അപേക്ഷ.

2. ലൈസൻസ് നമ്പർ A4-6784/19-20-295 തിയ്യതി.08.11.2019 – മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/26.08.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, ഉത്തരവ് വന്ന സമയത്ത് അപേക്ഷ ഫോമുകൾ ലഭ്യമാകാത്ത സാഹചര്യത്തിലും അവ്യക്തതകൾ നില നിന്നിരുന്നതിനാലുമാണ് അപാകത സംഭവിച്ചതെന്നും ക്രമ നം. 1, 2 എന്നീ ഉദാഹരണങ്ങളിൽ പരാമർശിച്ച അപേക്ഷകളിലെ അപാകത പരിശോധിച്ച് കുറവ് വന്ന ലൈസൻസ് ഫീസുകൾ ഓഡിറ്റ് വേളയിൽ ഈടാക്കിയതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷകൾ സ്വീകരിക്കുമ്പോൾ പ്രധാനപ്പെട്ട എല്ലാ വിവരങ്ങളും അപേക്ഷയിൽ ചേർത്തിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും നിയമപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെയും കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കിയും

## പാർപ്പിട തരം കെട്ടിടത്തിൽ ആശുപത്രി നടത്തുന്നതിന് ലൈസൻസ് അനുവദിച്ചു

ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തിൽ, ഡോക്ടർ അബ്ദുൽ അസീസ് എ.കെ. എന്നവർക്ക് എ.ആർ ഹോസ്പിറ്റൽ എന്ന പേരിൽ ആശുപത്രി നടത്തുന്നതിന് 04.04.2019ൽ B2-1819/19/19-20-110 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മേൽ ലൈസൻസ് ഫയൽ പരിശോധിച്ചതിലും ടി ആശുപത്രിക്ക് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള കെട്ടിടത്തിന്റെ നമ്പർ സഞ്ചയയി ൽ പരിശോധിച്ചതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് 18/362 നമ്പർ കെട്ടിടത്തിലാണ്. സഞ്ചയയിൽ ടി കെട്ടിടം പാർപ്പിട തരം കെട്ടിടമാണ്. പാർപ്പിട തരം കെട്ടിടം തരം മാറ്റാതെ ആശുപത്രിക്ക് പ്രവർത്തനാനുമതി നൽകിയത് എന്തടിസ്ഥാനത്തിലാണെന്നത് വ്യക്തമല്ല.

2. ആശുപത്രിയുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയത് 1500000/-രൂപയാണ് (2020-21ലെ ലൈസൻസ് അപേക്ഷ പ്രകാരം ഇത് 2500000/-രൂപയാണ്). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 , ചട്ടം 7 പ്രകാരം II -ാം പട്ടിക പ്രകാരം സേവന മേഖലയിൽ പത്ത് ലക്ഷത്തിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 1000/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്നതാണ്. എന്നാൽ മേൽ ലൈസൻസ് അനുവദിച്ചതിൽ 500/- രൂപ മാത്രമാണ് ഫീസ് ഈടാക്കിയത്. ലൈസൻസ് ഫീസിനത്തിൽ 500 രൂപയുടെ കുറവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07/26.08.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി ആശുപത്രി പ്രവർത്തിക്കുന്നത് 18/363 മുതൽ 18/374 വരെ കെട്ടിട നമ്പറുകളിലാണ് എന്നും ആയവ ആശുപത്രി ഗണം കെട്ടിടങ്ങളാണെന്നും എന്നാൽ അന്വേഷണ ഉദ്യോഗസ്ഥനായ വാർഡ് ക്ലാർക്കിന്റെ അശ്രദ്ധ കാരണം മേൽ വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള പാർപ്പിട കെട്ടിടത്തിന്റെ നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ആയത് പ്രകാരം ലൈസൻസ് അനുവദിക്കുകയുമാണ് ഉണ്ടായത് എന്ന് ബോധിപ്പിക്കുകയും കുറവ് വന്ന തുക 500/- രൂപ 31.08.21ലെ 121040101275 രസീത് പ്രകാരം ഈടാക്കിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപാകതക്ക് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ലൈസൻസ് അനുവദിക്കുമ്പോൾ ശരിയായ പരിശോധന നടത്തി മാത്രം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി-സഞ്ചയയിൽ തെറ്റായ വിവരം നൽകി വസ്തു നികുതി കുറവായി ഈടാക്കി-മറ്റ് അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഫയലുകൾ പരിശോധിച്ചതിൽ, ശ്രീ. സെയ്തലവി നെയ്യൻ, S/O കുട്ട്യാലി ഹാജി എന്നവർക്ക് തിരൂരങ്ങാടി താലൂക്കിൽ പെരുവള്ളൂർ വില്ലേജിൽ BL9-229/40 റീസർവ്വേ നമ്പറിലുള്ള 722 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 15.11.2014ൽ A1-176/14-15 നമ്പറിൽ 687.69ച.മീ വിസ്തീർണ്ണമുള്ള ഷോപ്പ് കെട്ടിടം/ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നു. 14.11.2017ൽ ടി പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിൽ, 16.05.18ന് ടിയാൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ A1-1065/2018/16.05.18 നമ്പറായി രണ്ടും മൂന്നും നിലകൾ കൂടി ചേർത്ത് ചുവടെ ചേർത്ത അളവുകളിൽ ടി പെർമിറ്റ് 14.11.2020 വരെ പുതുക്കി നൽകിയിട്ടുണ്ട്.

Existing : 636.26ച.മീ.(321.88 Ground Floor+314.38 First Floor)+

Proposed : 683.24ച.മീ(336.36 Second Floor+329.28 Third Floor)+

Stair Room-Proposed : 17.6 ച.മീ.

ആകെ : 1337.1ച.മീ.

കെട്ടിടത്തിന്റെ ഒന്നും(218.07ച.മീ വിസ്തീർണ്ണം) രണ്ടും(283.4ച.മീ. വിസ്തീർണ്ണം) നിലകൾക്ക് 2017-18 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കി, 5/229 E മുതൽ 5/229 R വരെയുള്ള നമ്പറുകൾ അനുവദിച്ചിട്ടുള്ളതാണ്. 10.10.2019ൽ കെട്ടിട ഉടമ, കെട്ടിടത്തിന്റെ രണ്ടാം നില നിർമ്മാണം പൂർത്തീകരിച്ചതിനാൽ നമ്പർ അനുവദിക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ രണ്ടാം നിലയിലെ മുറികൾക്ക് 5/229 T മുതൽ 5/229 AE വരെയുള്ള നമ്പറുകൾ(ആകെ 274.75ച.മീ വിസ്തീർണ്ണം) അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 02.01.2012ലെ എ3-10320/2011 നമ്പർ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പ്രകാരം 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണം കെട്ടിടങ്ങൾക്ക് ₹30/ച.മീ, 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഗണം കെട്ടിടങ്ങൾക്ക് ₹70/ച.മീ. എന്നിങ്ങനെയാണ് വസ്തു നികുതി നിരക്കുകൾ. മേൽ കെട്ടിടത്തിന്റെ പെർമിറ്റ്, നമ്പറിംഗ്/നികുതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയയിൽ കെട്ടിടത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ, മുൻപ് നമ്പർ അനുവദിച്ചപ്പോൾ ആദ്യ രണ്ട് (Ground Floor, First Floor) നിലകളുടെയും വിസ്തീർണ്ണം, ഓരോ നിലകളെ മാത്രം കണക്കിലെടുക്കുമ്പോൾ തന്നെ 200ച.മീ-ന് മുകളിലായിരുന്നിട്ടും ടി കെട്ടിടത്തെ 'വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി സഞ്ചയയിൽ കെട്ടിടത്തിന്റെ തരം തെറ്റായി രേഖപ്പെടുത്തി അവയുടെ നിരക്കായ 30 രൂപ/ച.മീ നിരക്കിലുള്ള നികുതി നിർണ്ണയിക്കുകയാണ് ചെയ്തത്. എന്നാൽ 2019-20ൽ നമ്പർ നൽകിയ രണ്ടാം നിലയിൽ അനുവദിച്ച നമ്പറുകളിൽ 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തി അവയുടെ നിരക്കായ 70 രൂപ/ച.മീ നിരക്കിൽ നികുതി നിർണ്ണയിക്കുകയും ഈടാക്കുകയും ചെയ്തിട്ടുണ്ട്.

മുൻപ് സഞ്ചയയിൽ തെറ്റായ വിവരം നൽകി നികുതി നിർണ്ണയിച്ചത് കാരണം ഒന്നും രണ്ടും നിലകൾ ഉൾപ്പെടെ 501.47ച.മീ വിസ്തീർണ്ണത്തിന് , ഓരോ ചതുരശ്ര മീറ്ററിനും 40രൂപ കുറവായാണ് നികുതി നിർണ്ണയിച്ചത്. ഇത്തരത്തിൽ നികുതി നിർണ്ണയിക്കുന്നത് വൻ നികുതി നഷ്ടത്തിന് കാരണമാകുന്നതാണ്.

2. കെട്ടിടത്തിന്റെ മൂന്നാം നില നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നതിനാൽ പെർമിറ്റ് നിലനിർത്തണമെന്ന് എന്ന് 20.12.19ന് ഉടമ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. നിലവിൽ ടി കെട്ടിടത്തിന്റെ മൂന്നാം നില പണി പൂർത്തീകരിച്ച് നമ്പർ അനുവദിക്കുകയോ നികുതി ഈടാക്കുകയോ ചെയ്തതായി ഫയലിലില്ല (പെർമിറ്റ് കാലാവധി 14.11.2020 വരെയായിരുന്നു).

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/10.09.2021ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 1 അപാകതക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം, കെട്ടിടം പരിശോധിച്ചതിൽ ടി കെട്ടിടം '100ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ' കെട്ടിടങ്ങളുടെ ഗണത്തിൽ പെടുന്നതായതിനാൽ ആദ്യ രണ്ട് നിലകളുടെ നികുതി അത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിലെ നിരക്കായ 50രൂപ/ച.മീ നിരക്കിൽ നികുതി പുതുക്കി നിർണ്ണയിച്ചും, രണ്ടാം നിലയുടെ നികുതി നിർണ്ണയിച്ചതിലും അപാകത സംഭവിച്ചിട്ടുള്ളതിനാൽ/കെട്ടിടം 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ' ഗണം കെട്ടിടമല്ലാത്തതിനാൽ ആയതിനെയും '100ച.മീ-ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ' തരം കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി കെട്ടിട നികുതി 50രൂപ/ച.മീ നിരക്കിൽ പുതുക്കി നിർണ്ണയിക്കുകയും ചെയ്ത് ആദ്യ രണ്ട് നിലകളുടെ നികുതി നിർണ്ണയത്തിൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കുകയും ചെയ്ത് അറിയിക്കുന്നതാണെന്ന് അറിയിച്ചു.
ക്രമ നം 2 അപാകതക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം, അസി.എഞ്ചിനിയർ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും 27.06.2020ലെ ആർ.എ1/195/2021-തസ്വഭവ നം സർക്കുലർ പ്രകാരം പെർമിറ്റുകളുടെ കാലാവധി 30.09.2021 വരെ നീട്ടിയിട്ടുള്ളതിനാൽ ആയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.
അപാകതകൾ പരിഹരിച്ച് കുറവ് വന്ന വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും തുടർ നടപടി വിവരം യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 എസ്.എസ്.എ വിഹിതം അടവാക്കൽ-കൈപ്പറ്റ് ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ-യിലേക്ക് (സമഗ്ര ശിക്ഷാ കേരളം) പണം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിനുള്ള കൈപ്പറ്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നമ്പർ | അടവാക്കിയ തുക | ബിൽ/ചെക്ക് നമ്പർ |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം അടവാക്കൽ, 16/19-20 | 1400000/- വികസന ഫണ്ട് ജനറൽ | 01/17-08-2019 |
| 2 | എസ്.എസ്.എ വിഹിതം അടവാക്കൽ-എസ്.സി, 20/19-20 | 200000/- വികസന ഫണ്ട് ജനറൽ-എസ്.സി.പി | 02/14-10-2019 |

മേൽ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് എസ്.എസ്.എ-യിൽ നിന്നുള്ള കൈപ്പറ്റ്, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/07.09.2021ന് ഹെഡ്മാസ്റ്റർ മറുപടി ലഭ്യമാക്കിയതിൽ, രേഖകൾ ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്ന് ബോധിപ്പിച്ചു. എസ്.എസ്.കെ-യിൽ നിന്നുള്ള കൈപ്പറ്റ്, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് . ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 16,00,000/- രൂപ (14,00,000+2,00,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I. പദ്ധതി രൂപീകരണം

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് 19-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി ആകെ മൂന്ന് യോഗം ചേർന്നതായാണ് കാണുന്നത്. മുൻ വർഷം നടപ്പാക്കിയ പ്രൊജക്കുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. എന്നാൽ വിവിധ പ്രവൃത്തികളുടെ പേരുകൾ മിനുട്സിൽ എഴുതിയിട്ടുണ്ട്. യോഗ മിനുട്സ് വ്യക്തമായി എഴുതുകയോ കൺവീനർ ആയത് ശരിയായി ക്ലോസ് ചെയ്യുകയോ ചെയ്യുന്നില്ല.

II. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 81 പ്രൊജക്കുകളാണ് തയ്യാറാക്കിയത്. ഇതിൽ 38 പ്രൊജക്കുകളിലായി ആകെ 12239338 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 81 | ആകെ അടങ്കൽ | 27186079 |
| നടപ്പിലാക്കിയത് | 38 | ചെലവ് | 12239338 |
| ശതമാനം | 47 | ചെലവ് ശതമാനം | 45 |

III. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

IV.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ

ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചമക്കുന്ന കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

തുടർന്നുള്ള വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ മേൽ പറയുന്ന കാര്യങ്ങൾ കൂടി പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-19 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല</u>

2019-20 വർഷത്തിൽ പഞ്ചായത്തിൽ 12 പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ ₹34126 നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>1-20 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.</u>

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-21 എയ്ഡഡ് സ്കൂളിലെ ടോയ്‌ലെറ്റ് നിർമാണം - അപാകതകൾ</u>

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് TIOUPS പെരുവള്ളൂരിന് ടോയ്‌ലറ്റ് (143/20) എന്ന പ്രൊജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത എയ്ഡഡ് സ്കൂളാണ് ഇത്.

ചെലവ് -₹499811 (Cheque No 316673,316474/19.02.2020 Voucher No 21900694,21900695/19.02.20 )

2019-20 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ് ) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവർമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ്

ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് പറയുന്നത്.

സർക്കാർ LP/UP സ്കൂളുകളാണ് പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് കൈമാറിയത്. ആയതിനാൽ പഞ്ചായത്ത് പ്രദേശത്തെ സർക്കാർ LP/UP സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടത്താവുന്നത് എന്ന് മേൽ ഉത്തരവിൽ നിന്നും വ്യക്തമാണ്.

പഞ്ചായത്ത് നടപ്പാക്കിയ മേൽ പ്രൊജക്റ്റിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രൊജക്റ്റ് തയ്യാറാക്കിയതിലും നടപ്പാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യങ്ങൾ ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകി.

2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ(സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ( പട്ടിക 1.1.6) പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിൽ ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ് എന്ന് വ്യക്തമാണ്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഓരോ സർക്കാർ സ്കൂളിലും ഇനി വേണ്ട ടോയ്‌ലറ്റ് സൗകര്യത്തിന്റെ വിവരം താഴെ പറയുന്നു.

| സ്കൂൾ | കുറവുള്ള ടോയ്റ്റ് | |
|---|---|---|
| | ആൺ | പെൺ |
| GMLPS പറമ്പിൽ പീടിക | 10 | 7 |
| GMLPS പെരുവള്ളൂർ | 1 | 0 |
| GLPS ഒളകര | 1 | 2 |
| GLPS കുമണ്ണ | 1 | 1 |

പഞ്ചായത്തിന്റെ അംഗീകൃത രേഖകൾ പ്രകാരം തന്നെ സർക്കാർ സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വ്യക്തമായിരിക്കെ അത് പരിഹരിക്കുന്നതിന് പ്രൊജക്റ്റുകൾ ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എയ്ഡഡ് സ്കൂളുകളിന് ടോയ്‌ലറ്റ് നിർമിച്ച് നൽകുന്നതിന് പ്രൊജക്റ്റ് ഏറ്റെടുത്ത് പണം ചെലവഴിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2) സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് അനുമതി ഉള്ളത്.

പഞ്ചായത്ത് പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരമുള്ള ടോയ്‌ലറ്റുകൾ,മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3) വർക്കിംഗ് ഗ്രൂപ്പിന്റെ കണ്ടെത്തലിന് വിരുദ്ധമായി സെക്രട്ടറി സാക്ഷ്യപത്രം നൽകി.

സർക്കാർ സ്കൂളുകളിൽ ടോയ്‌ലറ്റ് സൗകര്യങ്ങളിൽ സാരമായ കുറവുണ്ട് എന്ന് വർക്കിംഗ് ഗ്രൂപ്പ് കണ്ടെത്തിയിട്ടും അതിന് വിരുദ്ധമായി എല്ലാ സർക്കാർ സ്കൂളുകളിലും മതിയായ സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി 11.01.2018 ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഈ സാക്ഷ്യപത്രം നൽകുന്നതിന് സെക്രട്ടറി ആധാരമാക്കിയ രേഖകൾ ഫയലിൽ ലഭ്യമല്ല. അത് ലഭ്യമാക്കേണ്ടതാണ്.

4) ടോയ്‌ലറ്റ് ആവശ്യകത പരിഗണിക്കാതെ പ്രൊജക്റ്റ് തയ്യാറാക്കി.

സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് ഉണ്ടെങ്കിലും എയ്ഡഡ് സ്കൂളുകൾക്ക് ആവശ്യത്തിനുള്ള ടോയ്‌ലറ്റ് ഇല്ല എങ്കിൽ മാത്രമാണ് അവർക്ക് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകേണ്ടതുള്ളൂ. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ എത്ര ടോയ്‌ലറ്റ് യഥാർത്ഥത്തിൽ ലഭ്യമാണ് എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തി ആവശ്യകത നിർണ്ണയിച്ച ശേഷം ഏറ്റവും ആവശ്യകതയുള്ള സ്കൂളുകൾക്ക് മാത്രമാണ് ടോയ്‌ലറ്റ് പ്രൊജക്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത്തരത്തിൽ പഠനം നടത്തിയതായി കാണുന്നില്ല.

2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാരേഖയിൽ വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിലെ ശുചിമുറി സൗകര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തി

തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ( പട്ടിക 1.1.6) എയ്ഡഡ് സ്കൂളുകൾക്ക് ടോയ്‌ലററ് ആവശ്യമുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

5) ടോയ്‌ലറ്റ് നിർമിക്കുന്നതിന് സമ്മതം നേടിയിട്ടില്ല.

എയ്ഡഡ് സ്കൂളിൽ നിർമാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/26.08.2021) മറുപടി ലഭ്യമാക്കിയെങ്കിലും മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മേൽ പരാമർശിക്കുന്ന അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം : സെക്രട്ടറി

| പ്രോജക്ട് | ബിൽ/ചെക്ക് , വൗച്ചർ നം. തീയതി | തുക | | റിമാർക്സ് |
|---|---|---|---|---|
| 2/20, IKM വിഹിതം നൽകൽ | BRN 592515/ 20.9.19 | 70000 | (പ്ലാൻ ഫണ്ട്) | കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല |
| | NEFTവൗ. 21900354/ 27.9.19 | 5573 | (തനത് ഫണ്ട്) | |
| 3/20തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റിന് സഹായം | 21900484/28.11.19 | 300000 | (തനത് ഫണ്ട്) | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| ആകെ | | 375573 | | |

ഓഡിറ്റ് എൻക്വയറി(നം.17/13.9.21) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാകുന്നത് വരെ ചെലവ് തുക 482173 തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 24.08.2021 മുതൽ 26.08.2021 വരെ | കെ.എസ്.എ.എം.പി.എം.15/1453/21 തീയതി |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,00,000 | 80/20വൃദ്ധർക്ക് കട്ടിൽ – ജനറൽ | 4,00,000 | .. |
| | 3,00,000 | 07/20ലൈഫ് ഭവനനിർമ്മാണം – ജനറൽ | 3,00,000 | |
| | 22,00,000 | 08/20 ലൈഫ് ഭവനനിർമ്മാണം – എസ്.സി | 22,00,000 | |
| | 10,00,000 | 145/20കുന്നംകുളം റിപ്പയർ | 10,00,000 | |
| | 5,00,000 | 97/20ഭിന്നശേഷി സ്കോളർഷിപ്പ് | 5,00,000 | |
| ജില്ലാ പഞ്ചായത്ത് | 16,00,000 | 08/20 ലൈഫ് ഭവനനിർമ്മാണം – എസ്.സി | 16,00,000 | |
| | 3,50,000 | 97/20ഭിന്നശേഷി സ്കോളർഷിപ്പ് | 3,50,000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE ഭവന നിർമ്മാണം | സ.ഉ (സാധാ)6105/2019/ ധന/01.08.2019 & സ.ഉ(സാധാ)10050/2019/ ധന 21.12.2019 | 2795516 | 2795516 | 382353 | .. | 2413163 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ,തിയതി |
|---|---|---|---|---|
| 2007-08 | 2(1) | 143 | തുപ്പിലക്കാട് ഇസ്മായിൽ | 119040102869/03.10.19 |
| 2007-08 | 2(1) | 224 | കോക്കപ്പറമ്പൻ അബ്ദുറഹ്മാൻ | 119040102907/05.10.19 |
| 2007-08 | 2(1) | 597 | പി.കെ ഖാദർ | 119040104702/16.12.19 |
| 2007-08 | 2(1) | 233 | വലിയപറമ്പിൽ സെയ്തലവി | 119040105136/01.01.20 |
| 2007-08 | 2(3) | 630 | ഹെഡ്മാസ്റ്റർ, പി.എം.എസ്.എ.എം.എൽ.പി.എസ് | 119040104019/19.11.19 |
| 2007-08 | 2(5) | 2,925 | ഹെഡ്മാസ്റ്റർ, | 119040106451/6.2.20 |

| | | | | |
|---|---|---|---|---|
| | | | ഐ.എസ്.എം.യു.പി.എസ് | |
| 2005-06 | 3(6) | 5,556 | സോഷ്യോ എക്കണോമിക് യൂണിറ്റ് | 119020900029/25.11.19 |
| ആകെ | | 10,308 | | |

<u>കുറിപ്പ്:</u> ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 10,308/- രൂപ വരവുണ്ട്. എന്നാൽ എ.എഫ്.എസിൽ ഈ ഹെഡിൽ 630/- രൂപ മാത്രമെ വരവായി കാണിച്ചിട്ടുള്ളു. അവശേഷിക്കുന്നവ മറ്റ് ഹെഡ്ഡുകളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 20015-16 | 2(1),2(3),(4) | 2016-17 | 3(1) 2(1),2(3),2(4) | തൊഴിൽ നികുതി | പഞ്ചായത്ത് അസി.ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് (09/01/2018ന് കെ.എസ്.എ.എം.പി.എം15/3004/2016 നമ്പറായി ഈ ഓഫീസിൽ ലഭ്യമായ 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പുനരഭിപ്രായ കുറിപ്പിൽ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.) |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-2 | 2(3), 2(4) | എം.തൊയ്യിബ് സെക്രട്ടറി | LF/21259/Slp Cell (Scs)/09 Dt. 29/12/09 Of Director Of Loal Fund | 5000 6000 | 08/02/2010 ലെ 16087/31 | | | | 11000 | |
| 2 | 2005-6 | 3(7) | ബാബുജോർജ് എം മെഡിക്കൽ ഓഫീസർ | LF/1556/Spl/SC D1/2011 Dated 14/06/2011 | 15000 | സർക്കാർ സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിക്ക് സമർപ്പിച്ചു | | | | | |
| 3 | 2006-7 | 3(9) | സെക്രട്ടറി | LF/6067/Spl Cell/ScD1/2011 Dated 12/07/2011 | 24850 | LF 6067/Spl Cell/D1/2011 Dated 21/04/2012 പ്രകാരം സർചാർജ് നടപടി ഒഴിവാക്കി | | | | | |
| 4 | 2007-8 | 3(17) | സി.സുന്ദരൻ അസി. എഞ്ചിനീയർ | LF/15436/Spl Cell/Sc D1/2011 Dated 13/01/2012 | 4369 | 11204102363 Dated 23/11/2012 | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 601708920 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61408493 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1975573 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 16,00,000 | ശ്രീ അബൂബക്കർ എൻ.സി, ഹെഡ്മാസ്റ്റർ |
| 1-22 | 3,75,573 | ശ്രീമതി.ശൈലജ, സെക്രട്ടറി |
| ആകെ | 19,75,573 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 2001-02 | എൽ.എഫ്.എം 11/1538/06/22.02.07 | 1 |
| 2002-03 | എൽ.എഫ്.എം 15/398/18 25.04.18 | 2 |
| 03-04 | എൽ.എഫ്.എം 15/320/18/25.04.18 | 6 |
| 04-05 | എൽ.എഫ്.എം 15/320/18/25.04.18 | 4 |
| 05-06 | എൽ.എഫ്.എം 17/775/09/1-4-09 | 14 |
| 06-07 | എൽ.എഫ്.എം 17/776/09/14-9-09 | 10 |
| 07-08 | എൽ.എഫ്.എം 15/665/18/25.04.18 | 13 |
| 08-09 | എൽ.എഫ്.എം 15/1167/2011/8-7-11 | 5 |
| 09-10 | എൽ.എഫ്.എം 15/2241/11/30-1-12 | 12 |
| 10-11 | എൽ.എഫ്.എം 15/1751/13/21-10-13 | 9 |
| 11-12-12-13 | എൽ.എഫ്.എം 15/590/15/27-4-15 | 16 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/2657/16 10.11.16 | 7 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തി 19.02.2018 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീ. 13.06.2017 | 10 |

| | | |
|---|---|---|
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീ. 11.10.2019 | 13 |
| 2018-19 | കെ.എസ്.എ എം.പി.എം15/204/2020 തിയതി 09.03.2020 | 13 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്